## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1421** **04.12.2014- ൽ മറുപടിക്ക്**

## നീലേശ്വരം -എടത്തോട് പി.ഡബ്ല്യൂ.ഡി.റോഡിന്റെ പുനരുദ്ധാരണം

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ<br>(തൃക്കരിപ്പൂർ) | | മറുപടി<br>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
|---|---|---|
| (എ) തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം -എടത്തോട് പി.ഡബ്ല്യൂ.ഡി.റോഡിന്റെ 1ാം റീച്ചിന്റെ പുനരുദ്ധാരണത്തിന് 3 കോടി രൂപ അനുവദിച്ചിരുന്ന വെങ്കിലും ടെണ്ടർ നടപടി വിന്റോ പരസ്യം വഴി സ്വീകരിച്ചത് 3ാം റീച്ച് എന്നാക്കി മാറ്റി വന്നതിന്റെ കാരണം വ്യക്തമാക്കാമോ ; | (എ) | നീലേശ്വരം -എടത്തോട് റോഡ് കി.മി 0/000 മുതൽ 20/800 വരെയുള്ള പ്രവൃത്തിക്ക് 11.02.2014-ലെ സ.ഉ (സാധാ) നം.209/14/ പൊ.മ.വ ഉത്തരവിലെ അനുബന്ധത്തിൽ 5ാം നമ്പരായി "Improvements to Neeleshwar - Edathodu road - Reach I " എന്ന പേരിൽ 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത റോഡിന്റെ അവസാന ഭാഗം എടത്തോട് മുതൽ വീതി കുറവായതിനാൽ അവിടെ നിന്നും നീലേശ്വരം ഭാഗത്തേക്ക് പ്രവൃത്തി നടത്താൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കി.മി. 15/500 മുതൽ 20/800 വരെയുള്ള പ്രവൃത്തിക്ക് 450 ലക്ഷം രൂപയുടെ സാങ്കേതിക അനുമതി 03.03.2014-ലെ സി.ഇ/ആർ&ബി/ കെഎസ്ഡി/2864 പ്രകാരം നൽകുകയുണ്ടായി. പ്രസ്തുത പ്രവൃത്തിയുടെ പേര് വിന്റോ പരസ്യത്തിലും ഷെഡ്യൂളിലും "Improvements to Neeleshwar-Edathodu road Reach K.M 15/800 to 20/800 (BM&BC) Kasargod District, എന്നാക്കുകയും ഇതേ പേരിൽ തന്നെ റീ-ടെണ്ടറും നടത്തുകയുമുണ്ടായി. വിന്റോ പരസ്യത്തിൽ മൂന്നാം റീച്ച് എന്ന് രേഖപ്പെടുത്തിയിട്ടില്ല. |
| (ബി) റീച്ച് മാറ്റി ഉത്തരവാകാൻ ഉദ്യോഗസ്ഥ തലത്തിൽ നടത്തിയ നീക്കത്തിനെതിരെ എം.എൽ.എ നൽകിയ നിവേദനം പരിഗണിക്കാതെ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടെണ്ടർ നടപടി സ്വീകരിച്ചതെന്ന് അറിയിക്കുമോ ;<br><br>(സി) ഒരു മണ്ഡലത്തിൽ അനുവദിച്ച റോഡിനുള്ള തുക മറ്റൊരു മണ്ഡലത്തിലേക്ക് മാറ്റി കൊടുക്കാൻ എപ്പോഴാണ് പുതിയ ഉത്തരവ് ഇറക്കിയ തെന്ന് വ്യക്തമാക്കാമോ ? | (ബി) യും (സി) യും | പ്രസ്തുത റോഡിന്റെ അവസാന ഭാഗം എടത്തോട്ട മുതൽ വീതി കുറവായതിനാൽ അവിടെ നിന്നും നീലേശ്വരം ഭാഗത്തേക്ക് പ്രവൃത്തി നടത്താൻ സർക്കാർ തലത്തിൽ തീരുമാനിക്കുകയായിരുന്നു. പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നത് നിയോജക മണ്ഡലം അടിസ്ഥാനമാക്കിയല്ല. |

സെക്ഷൻ ഓഫീസർ